കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് വക ഭൂമിയും, സ്വകാര്യ ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.**227**/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:23.1.2015.

പരാമർശം :
1. ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 26.12.2012 തീയതിയിലെ 7(1)-ാം നമ്പർ തീരുമാനം.
2. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 1.2.2013 തീയതിയിലെ എ25775/12 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 16.3.2013 തീയതിലയിലെ ജെ4-7745/13 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 83 നമ്പർ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. പി.എം.വിനോദൻ എന്നയാൾ ആയഞ്ചേരി ഗ്രാമ പഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതും, പഞ്ചായത്ത് തറ നിർമ്മാണം പൂർത്തിയാക്കിയതുമായ വാർഡ് 17 ,റിസ 112/1 ൽപ്പെട്ട മൂന്ന് സെന്റ് സ്ഥലം അംഗൻവാടിക്ക് അനുയോജ്യമല്ല എന്ന് കണ്ടതിനാൽ ടിയാന് തിരികെ നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യ വിശദമായി പരിശോധിച്ചു. ഇതേ അംഗൺവാടിയുടെ നിർമ്മാണത്തിനായി റോഡ് സൈഡിനോട് ചേർന്ന് 3 സെന്റ് സ്ഥലം സെക്രട്ടറിയുടെ പേരിൽ പകരം രജിസ്റ്റർ ചെയ്ത് നൽകാമെന്ന് ശ്രീ. പി.എം. വിനോദൻ ഉറപ്പ് നൽകിയിട്ടുണ്ട്. പകരം നൽകുന്ന ഈ സ്ഥലം സ്വീകരിച്ചുകൊണ്ട് രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന് നൽകിയ സ്ഥലം തിരികെ നൽകുന്നതിന് മേൽപ്പടിയാൻ അപേക്ഷിക്കുകയും ചെയ്തു. പഞ്ചായത്ത് വക അംഗൻവാടി എന്ന പൊതുസ്ഥാപനം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് പൊതുതാൽപര്യം മുൻ നിർത്തി

...2/-

മാറ്റുന്നതിനാണ് ഈ കൈമാറ്റം എന്നതിനാൽ ശ്രീ. എം.പി.വിനോദൻ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുനൽകിയതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതും പഞ്ചായത്ത് തറ പൂർത്തിയാക്കിയതുമായ വാർഡ് 17, 112/1-ൽപ്പെട്ട 3 സെന്റ് സ്ഥലം അദ്ദേഹം റോഡ്സൈഡിലെ റീസർവ്വേ 87/8 ൽപ്പെട്ട 3 സെന്റ് സ്ഥലത്ത് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന പ്രകാരം അംഗൻവാടി കെട്ടിടത്തിനാവശ്യമായ തറ കെട്ടി പ്രസ്തുത ഭൂമിയുടെ വില വ്യത്യാസം പഞ്ചായത്തിൽ ഒടുക്കുന്ന മുറയ്ക്ക്, രജിസ്ട്രേഷനുള്ള ചെലവ് ശ്രീ.എം.പി. വിനോദൻ വഹിക്കണമെന്ന വ്യവസ്ഥയിൽ പരസ്പരം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള,തിരുവനന്തപുരം
ശ്രീ. പി.എം. വിനോദൻ, പുത്തലത്ത് മിത്തൽ, പൊന്മേരിപറമ്പിൽ പി.ഒ.,
വില്ല്യാപ്പള്ളി, വടകര - 673542
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ്
നിയമവകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ